
## ക ത്തു ക ൾ

# കോടതികളിലൂടെയല്ലാതെ മുസ്‌ലിം സ്ത്രീകളുടെ വിവാഹമോചനത്തിന് സാധുതയുണ്ടോ?

**ഇന്ത്യയിലെ** മുസ്‌ലിം സ്ത്രീകളുടെ വിവാഹമോചന അവകാശങ്ങൾ പ്രതിപാദിക്കുന്ന നിയമമാണ് The Dissolution of Muslim Marriage Act, 1939. ഈ നിയമം പാസ്സാകുന്നതിന് മുമ്പ് ഇന്ത്യയിലെ മുസ്‌ലിം സ്ത്രീകൾക്ക് വിവാഹമോചന അവകാശങ്ങൾ ഇല്ലായിരുന്നു എന്നു പറയാം. കാരണം ഇന്ത്യൻ മുസ്‌ലിംകളിൽ ബഹുഭൂരിഭാഗവും ഹനഫി വിഭാഗത്തിൽ പെട്ടവരാണ്. ഹനഫി മദ്ഹബിലെ പ്രധാന ഗ്രന്ഥമായ *ഹിദായ*യിൽ ഫസ്ഖിനെക്കുറിച്ച് പരാമർശമില്ല. അതുപോലെത്തന്നെ ഇന്ത്യൻ കോടതികളിൽ മുസ്‌ലിം വ്യക്തിനിയമങ്ങളിൽ ആധികാരിക ഗ്രന്ഥമായി പരിഗണിച്ചുവരുന്ന മുല്ലയുടെ *മുഹമ്മദൻ ലോ*യിലും ഫസ്ഖിനെക്കുറിച്ച് പറയുന്നില്ല. ആയതിനാൽ 1939നു മുമ്പ് മുസ്‌ലിം സ്ത്രീകൾക്ക് ഭർത്താക്കന്മാരെ വിവാഹമോചനം ചെയ്യാനുള്ള അവകാശം ഉണ്ടായിരുന്നില്ല. എന്നാൽ ശാഫിഈ മദ്ഹബ് പിന്തുടരുന്ന മുസ്‌ലിം സ്ത്രീകൾക്ക് വിവാഹ മോചന അവകാശം ഉണ്ടായിരുന്നു എന്നുള്ളത് വസ്തുതയാണ്. ഇന്ത്യൻ മുസ്‌ലിംകളിൽ ബഹുഭൂരിഭാഗവും ഹനഫി വിഭാഗത്തിൽ പെട്ടവരായതുകൊണ്ട് ആ വിഭാഗത്തിൽപെട്ട സ്ത്രീകൾക്ക് വിവാഹമോചന കാര്യത്തിൽ അനാവശ്യമായ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഭർത്താവിൽനിന്ന് വിവാഹമോചനം കിട്ടുന്നതിനു മതപരിത്യാഗം ചെയ്യാൻ വരെ ചില മുസ്‌ലിം സ്ത്രീകൾ തയാറാവുകയുണ്ടായി. മുസ്‌ലിം സ്ത്രീകളുടെ പരിതാപകരമായ ഈ അവസ്ഥ കണ്ട് പ്രസിദ്ധ പണ്ഡിതൻ അശ്റഫലി ഥാനവി വിവാഹമോചനം കാംക്ഷിക്കുന്ന മുസ്‌ലിം സ്ത്രീകളോട് ഹനഫി മദ്ഹബ് പരിത്യജിച്ച് മാലികി മദ്ഹബ് സ്വീകരിച്ച് ഈ വിഷമസന്ധിയിൽനിന്ന് രക്ഷനേടാൻ ആവശ്യപ്പെടുക പോലുമുണ്ടായി. തുടർന്ന് മാലികി മദ്ഹബ് പ്രകാരം ബ്രിട്ടീഷ് ഇന്ത്യയിലെ ചില കോടതികളിൽനിന്ന് മുസ്‌ലിം സ്ത്രീകൾ വിവാഹമോചന വിധി സമ്പാദിച്ചിട്ടുണ്ട്.

മുസ്‌ലിം സ്ത്രീകളെ ഈ ദയനീയാവസ്ഥയിൽനിന്ന് രക്ഷിക്കുന്നതിനും അവരുടെ വിവാഹമോചന അവകാശങ്ങൾ ക്രോഡീകരിക്കുന്നതിനും വേണ്ടി ഉണ്ടാക്കിയ നിയമമാണ് The Dissolution of Muslim Marriage Act, 1939. ഈ നിയമം മദ്ഹബ് വ്യത്യാസമില്ലാതെ ഇന്ത്യയിലെ എല്ലാ മുസ്‌ലിംകൾക്കും ബാധകവുമാണ്. നിയമപണ്ഡിതനും ന്യൂനപക്ഷ കമീഷൻ ചെയർമാനുമായിരുന്ന പ്രഫ. താഹിർ മഹ്മൂദ് അദ്ദേഹത്തിന്റെ 'The Question of Protection of Muslim Personal Law' എന്ന പുസ്തകത്തിൽ (പേജ് 30) ഈ നിയമത്തെക്കുറിച്ച് വിശദമായി എഴുതിയിട്ടുണ്ട്.

മുസ്‌ലിം സ്ത്രീയുടെ വിവാഹഭഞ്ജന ആക്ട് നിലവിൽ വന്നതിനുശേഷം മുസ്‌ലിം സ്ത്രീക്ക് സിവിൽ കോടതിയിലൂടെ മാത്രമേ വിവാഹമോചനം നേടാൻ നിയമപരമായി കഴിയൂ. എന്നാൽ ഈ ആക്ട് നിലവിൽവന്നിട്ട് 69 വർഷം കഴിഞ്ഞെങ്കിലും ഇന്നും മുസ്‌ലിം സ്ത്രീകൾ വിവാഹമോചനം കിട്ടുന്നതിനു വിരളമായി മാത്രമേ സിവിൽ കോടതികളെ സമീപിക്കാറുള്ളൂ. ഏകപക്ഷീയമായ ഫസ്ഖിലൂടെയും അതിനു മുന്നോടിയായുള്ള പത്രമാധ്യമങ്ങളിലൂടെയുള്ള ഫസ്ഖ് പരസ്യത്തിലൂടെയും മറ്റും വിവാഹമോചനം നേടാമെന്ന് കരുതുന്നവരാണ് മുസ്‌ലിംകളിൽ ബഹുഭൂരിഭാഗവും. കൂടാതെ നീതിന്യായ കോടതികളെ സമീപിക്കാതെ ഏകപക്ഷീയമായി ഫസ്ഖിലൂടെ വിവാഹമോചനം നടത്തിയ മുസ്‌ലിം സ്ത്രീകൾക്ക് പുനർവിവാഹം നടത്തുന്നതിന് കൂട്ടുനിൽക്കുന്നവരാണ് കേരളത്തിലെ മഹല്ല് ജമാഅത്ത് കമ്മിറ്റികളിൽ ഏറെയും. അതുകൊണ്ടുതന്നെ പുനർവിവാഹിതയായ സ്ത്രീയും രണ്ടാം ഭർത്താവും വിവാഹകാർമികത്വം വഹിച്ച മതപണ്ഡിതനും കോടതി കയറേണ്ട സാഹചര്യവും കേരളത്തിലുണ്ടായിട്ടുണ്ട്. അ




പ്രകാരമുള്ള ഒരു കേസാണ് Moyin Vs Nafeesa and others (1972 K.L.T page 785.

മേൽ നമ്പർ കേസിന് ആസ്പദമായ സംഗതികൾ ഇപ്രകാരമാണ്. കേസിലെ ഒന്നാം പ്രതിയായ നഫീസയെ 1950ൽ മോയിൻ വിവാഹം കഴിക്കുകയും ആ വിവാഹബന്ധത്തിൽ ഒരു കുട്ടി ജനിക്കുകയും ചെയ്തു. കുട്ടി ജനിച്ച ശേഷം നഫീസയെ മാതാപിതാക്കൾ തിരികെ വീട്ടിലേക്ക് വിളിച്ചുകൊണ്ടുപോയി. നഫീസ ഭർതൃവീട്ടിലേക്ക് തിരികെ വരാൻ തയാറില്ലായിരുന്നു. വിവാഹബന്ധം പുനഃസ്ഥാപിച്ചു കിട്ടുന്നതിനു മോയിൻ കോഴിക്കോട് മുൻസിഫ് കോടതിയിൽ അന്യായം ഫയൽ ചെയ്തു. വിവാഹബന്ധം വിടർത്തി കിട്ടുന്നതിനുവേണ്ടി നഫീസ അതേ കോടതിയിൽ കേസ് ഫയൽ ചെയ്തു. എന്നാൽ മോയിൻ ബോധിപ്പിച്ച വിവാഹബന്ധം പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അന്യായം അനുവദിക്കുകയും നഫീസ ബോധിപ്പിച്ച വിവാഹബന്ധം വിടർത്തുന്നതിനുള്ള അന്യായം തള്ളിയുമാണ് വിധി ഉണ്ടായത്. അതിനു ശേഷം കെ.എം മൊയ്തീൻ കുഞ്ഞ് മൗലവിയുടെ ഉപദേശപ്രകാരം നഫീസ മോയിനുമായുള്ള വി

## ഒബാമയുടെ വാൾ

**നിയുക്ത** അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ, താൻ അധികാരത്തിലെത്തിയതിനു ശേഷം ഇറാഖിൽനിന്നും സൈന്യത്തെ പിൻവലിക്കുമെന്നും ഗ്വാണ്ടനാമോ തടവറ അടച്ചുപൂട്ടുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. അമേരിക്കയുടെ പ്രതിഛായ വീണ്ടെടുക്കാൻ ഈ പിൻമാറ്റങ്ങൾ ഉപകരിക്കുമെന്ന് അദ്ദേഹം കരുതുന്നു. ഭീകരരെന്ന് ആരോപിച്ച് മുസ്‌ലിംകളെ തടവറയിലിട്ട് ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്ന ക്രൂരത അമേരിക്കയുടെ മറ്റൊരു മുഖമായി മാറിയതാണ് ഒബാമയെ പുനർവിചിന്തനത്തിന് പ്രേരിപ്പിച്ചതെന്ന് കരുതാം. അതോടൊപ്പം തന്നെ അഫ്ഗാനിലേക്ക് ഇനിയും കൂടുതൽ സൈനികരെ വിടുമെന്നും പാകിസ്താനിൽ ആക്രമണം വ്യാപിപ്പിക്കുമെന്നുമുള്ള പ്രസ്താവന ആശങ്കാജനകമാണ്. അമേരിക്കയുടെ നയത്തിൽ കാര്യമായ വ്യതിയാനം ഉണ്ടാവുകയില്ല എന്നാണ് ഇതിൽനിന്നും മനസ്സിലാവുന്നത്. സാമ്പത്തിക തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന രാജ്യത്തെ രക്ഷിക്കാൻ ഒബാമ വഴികൾ തേടിയില്ലെങ്കിൽ അമേരിക്കയുടെ ചരിത്രം മറ്റൊന്നാകും! എത്രകാലം അഫ്ഗാനും ഇറാനും പാകിസ്താനും പറഞ്ഞ് അമേരിക്കക്ക് മുന്നോട്ടുപോകാനാകും!

**അബ്ദുൽ മലിക് മുടിക്കൽ**

വാഹബന്ധം കോടതി ഇടപെടൽ കൂടാതെ ഫസ്ഖിലൂടെ ഏകപക്ഷീയമായി വിഛേദിച്ചു. തുടർന്ന് നഫീസ മറ്റൊരാളെ വിവാഹം കഴിക്കുകയും അതിനെതിരെ മോയിൻ നഫീസക്കും രണ്ടാം ഭർത്താവിനും എതിരെ ഇന്ത്യൻ ശിക്ഷാനിയമം 494 -ാം വകുപ്പ് പ്രകാരം അന്യായം ബോധിപ്പിക്കുകയും ചെയ്തു. ഈ കേസിൽ കേരള ഹൈക്കോടതിയിലെ ജഡ്ജിയായിരുന്ന ജസ്റ്റിസ് ഖാലിദ്, നഫീസയും മറ്റും കുറ്റക്കാരാണെന്ന് കണ്ടെത്തുകയും അവരെ ബഹുഭർതൃത്വത്തിനും പ്രേരണാകുറ്റത്തിനുമായി ശിക്ഷിക്കുകയും ചെയ്തു. ജസ്റ്റിസ് ഖാലിദ് അദ്ദേഹത്തിന്റെ വിധിന്യായത്തിൽ മുസ്‌ലിം വിവാഹഭഞ്ജന ആക്ട് നിലവിൽ വന്നതിനുശേഷം അതിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ സിവിൽ കോടതിയിലൂടെ മാത്രമേ മുസ്‌ലിം സ്ത്രീക്ക് വിവാഹമോചിതയാകാൻ കഴിയുകയുള്ളൂവെന്നും ഏകപക്ഷീയമായ 'ഫസ്ഖി'ലൂടെയുള്ള വിവാഹമോചനം കൊണ്ട് വിവാഹബന്ധം ഇല്ലാതാവുകയില്ലെന്നും വ്യക്തമാക്കുകയുണ്ടായി. കൂടാതെ ഏകപക്ഷീയമായ ഫസ്ഖിലൂടെ വിവാഹമോചനം നേടി എന്നു കരുതി പുനർവിവാഹം ചെയ്യുന്ന മുസ്‌ലിം സ്ത്രീകൾ ഇന്ത്യൻ ശിക്ഷാനിയമം 494-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ബഹുഭർതൃത്വം എന്ന കുറ്റമാണ് ചെയ്യുന്നതെന്നും ആ വിധിയിൽ ജസ്റ്റിസ് ഖാലിദ് പറഞ്ഞിരുന്നു.

മുസ്‌ലിം സ്ത്രീകളുടെ വിവാഹമോചനത്തെക്കുറിച്ച മുസ്‌ലിം വ്യക്തിനിയമം മേൽ വിവരിച്ച പ്രകാരമാണെങ്കിൽ പോലും കോടതികളിലൂടെയല്ലാതെയുള്ള വിവാഹമോചനങ്ങൾ വർധിച്ചുവരുന്നതായാണ് കാണുന്നത്. ആയതിന് സമുദായനേതൃത്വം പരോക്ഷമായെങ്കിലും കൂട്ടുനിൽക്കുന്നുമുണ്ട്.

സമുദായനേതൃത്വത്തിന്റെ ഈ നിലപാട് മുസ്‌ലിം സമുദായത്തെ ഒരു പരിധിവരെ തെറ്റിദ്ധരിക്കാൻ ഇടയാക്കിയിട്ടുമുണ്ട്. അതുകൊണ്ട് മുസ്‌ലിം സ്ത്രീയുടെ വിവാഹമോചനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമത്തെ സംബന്ധിച്ച് ജനങ്ങളെ ബോധവത്കരിച്ച് പ്രശ്നം നിയമപരമായി കൈകാര്യം ചെയ്യേണ്ട രീതി അവരെ പഠിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**അഡ്വ. എം. ഇബ്റാഹീം കുട്ടി ഹരിപ്പാട്**

# മതത്തെ ഹൈജാക്ക് ചെയ്യുന്നവർ

**സമാധാനത്തിന്റെ** വഴിയിൽ രണ്ടു മതനേതാക്കൾ' (മുദ്രകൾ, ലക്കം 25) എന്ന വാർത്തയാണ് ഈ കുറിപ്പിനു പ്രേരകം. വെറുപ്പിന്റെ വിഷബീജങ്ങളുമായി പരസ്പരം പോരടിച്ച രണ്ടു വ്യത്യസ്ത മതനേതാക്കൾ സൗഹൃദത്തിന്റെ സന്ദേശവാഹകരായി മാറിയ കഥ ഹൃദ്യവും ആഹ്ലാദകരവുമാണ്. സ്വന്തം തിക്താനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് മാനുഷിക മൂല്യങ്ങളുടെ ശാദ്വലതീരത്തേക്ക് കൈകോർത്തു മുന്നേറാൻ സൗഭാഗ്യം ലഭിച്ച ക്രിസ്ത്യാനിയായ പാസ്റ്റർ വൂയിയും മുസ്‌ലിമായ മുഹമ്മദ് അശ്‌റഫും കാലിക പ്രസക്തിയുള്ള മഹത്തായ സന്ദേശമാണ് ലോകത്തിന് നൽകുന്നത്: 'മതമല്ല, മതത്തെ ചിലർ ഹൈജാക്ക് ചെയ്യുന്നതാണ് രക്തച്ചൊരിച്ചിലിന് കാരണം.' ഭീകരതയുടെയും തീവ്രവാദത്തിന്റെയും ചരിത്രവും വർത്തമാനവും പരിശോധിച്ചാൽ ഈ വസ്തുത ബോധ്യമാകും. സാമുദായിക വാദികളായപ്പോൾ അവർ മതത്തെ ദുരുപയോഗപ്പെടുത്തി. യഥാർഥ മതവിശ്വാസികളായപ്പോൾ മനുഷ്യത്വം തിരിച്ചറിഞ്ഞു. മതത്തിൽ വിശ്വാസവും ആദരവും ഇല്ലാത്തവർക്കു മാത്രമേ മനുഷ്യവിരോധികളാകാൻ കഴിയൂ. മനുഷ്യവിരോധികൾക്കു മാത്രമേ ഭീകരരാകാൻ കഴിയൂ. തങ്ങളുടെ കുടില താൽപര്യങ്ങൾക്കുവേണ്ടി മതത്തെ ഹൈജാക്ക് ചെയ്യുന്ന ദുഷ്ടശക്തികളെ മതത്തിന്റെയും സമുദായത്തിന്റെയും ചുമലിൽ വെച്ചുകെട്ടാൻ ശ്രമിക്കുന്ന കപടമതേതരക്കാരും ചെയ്യുന്നത് മനുഷ്യദ്രോഹം തന്നെയാണ്. മനുഷ്യ മനസ്സുകളെ കൂട്ടിയിണക്കാനുള്ള മതമൂല്യങ്ങളുടെ കഴിവിനെ സാധാരണക്കാരിൽനിന്ന് മറച്ചുപിടിക്കാനേ ഇവരുടെ നിലപാട് ഉതകൂ. ഭീകരത മതത്തിന്റെ സൃഷ്ടിയാണെന്നു വിളിച്ചു കൂവുന്നവർ ചെയ്യുന്നത് സേവനമല്ല, ദ്രോഹമാണ്. 'വിലാപങ്ങൾക്കപ്പുറം' എന്ന സിനിമയിലൂടെ ടി.വി ചന്ദ്രനെപ്പോലുള്ള സിനിമക്കാർ ചെയ്യുന്നത് സാധാരണക്കാർക്കിടയിൽ നിലനിൽക്കുന്ന നന്മകളും സൗമനസ്യവും തട്ടിപ്പറിക്കുകയാണ്.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## സോളിഡാരിറ്റി ജില്ലാ സമ്മേളനം

2009 ജനുവരി 10ന് നടക്കുന്ന സോളിഡാരിറ്റി കോഴിക്കോട് ജില്ലാ സമ്മേളനത്തിന് മുന്നോടിയായി വിവിധ തലങ്ങളിൽ നടന്ന പരിപാടികളുടെ സമ്പൂർണ വീഡിയോ ക്ലിപ്പുകൾ ജമാഅത്ത് സൈറ്റിലും (www.jihkerala.org) സോളിഡാരിറ്റി ജില്ലാ സൈറ്റിലും (www.solidaritycalicut.org) ഉൾപ്പെടുത്തി. പ്രഖ്യാപന സമ്മേളനം, ഭൂസമര സമ്മേളനം, വികസന ഭൂപടത്തിലെ മലബാർ, സോളിഡാരിറ്റി ദർശനവും പ്രയോഗവും, കർഷക സംഗമം, മിനി മാഗസിൻ പ്രദർശനവും സർഗ സദസ്സും, വിവിധ സേവന പ്രവർത്തനങ്ങൾ എന്നിവയുടെ വീഡിയോ ക്ലിപ്പുകൾ സൈറ്റുകളിൽനിന്ന് ഡൗൺലോഡ് ചെയ്യാം.

## ഭൂമിയുടെ മുറിവുകൾ

**'ഭൂമിയുടെ** ഭാവി' എന്ന മുഖക്കുറിപ്പ് (ലക്കം 23) വായിച്ചു. തലതിരിഞ്ഞ വികസന മോഹത്തിന്റെ ബലിയാടായി നമ്മുടെ മലകളും പുഴകളും മാറിക്കൊണ്ടിരിക്കുന്നു. കരിങ്കൽ ക്വാറികളിലെ കല്ലെടുപ്പും അനധികൃത മണ്ണെടുപ്പും ഭൂമിക്കു വരുത്തുന്ന മുറിവിനെക്കുറിച്ച് അധികമാരും ഓർക്കുന്നില്ല.

മുൻ തലമുറകൾ കൈമാറിയ ഭൂമിയെ വരും തലമുറകൾക്കും ഉപകാരപ്രദമായ രീതിയിൽ ഉപയോഗിക്കാനേ നമുക്കും അനുവാദമുള്ളൂ. ഇതിന് വിപരീതമായി സ്വാർഥ താൽപര്യങ്ങൾക്കും ഭൗതിക നേട്ടങ്ങൾക്കും വേണ്ടി ഭൂമിയെ ചൂഷണം ചെയ്യുന്ന വ്യക്തികളെയും ശക്തികളെയും നിലക്ക് നിർത്താൻ പൊതുസമൂഹത്തിന് ബാധ്യതയുണ്ട്. ഈ വിപത്തിനെതിരെ പൊതുജനം നിസ്സംഗത പുലർത്തിയാൽ ഭവിഷ്യത്ത് ഗുരുതരമായിരിക്കും. സമൂഹത്തിലെ ചെറിയൊരു ശതമാനം വരുത്തിവെക്കുന്ന ദുഷ്ചെയ്തികൾക്ക് ബലിയാടാകേണ്ടിവരിക നിസ്സഹായരും നിരാലംബരും തെറ്റു ചെയ്യാത്തവരുമായ കുഞ്ഞുങ്ങളും സ്ത്രീകളും വൃദ്ധജനങ്ങളും ഉൾക്കൊള്ളുന്ന മുഴുവൻ സമൂഹമായിരിക്കും.

ഭൂമിയോടുള്ള മനുഷ്യന്റെ ചൂഷണോന്മുഖ സമീപനം വ്യാപിക്കുമ്പോൾ അതിന് ഉത്തരവാദികളായവരെ മാത്രം തെരഞ്ഞെടുത്ത് ശിക്ഷിക്കുക എന്നതല്ല ദൈവത്തിന്റെ നടപടിക്രമം. അതിനാൽ സമൂഹങ്ങൾ മൂല്യച്യുതിയിൽ ആണ്ടുപോകുമ്പോൾ നല്ല മനുഷ്യർ അതിനെ തടയാനും സമൂഹത്തെ നന്മയിലേക്ക് ക്ഷണിക്കാനും സന്നദ്ധമാകാത്തപക്ഷം ദൈവശിക്ഷ വരുമ്പോൾ അവരും അതിലകപ്പെട്ടേക്കാം. "നിങ്ങളിൽ കുറ്റം ചെയ്തവർക്കുമാത്രം പ്രത്യേകം ബാധിക്കുന്നതല്ലാത്ത ദുരിതങ്ങൾക്കിടയാക്കുന്ന വിപത്തിനെ ഭയപ്പെടുവിൻ. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് അറിഞ്ഞിരിക്കുവിൻ" (*അൽഅൻഫാൽ* 25).

**അബൂ ഹബീബ് വരോട്, ദമ്മാം**